# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1584 — 07.03.2018-ൽ മറുപടിക്ക്

## പി എസ് സി റാങ്ക് ലിസ്റ്റുകൾ

**ചോദ്യം**
ശ്രീ.സി.കെ.ശശീന്ദ്രൻ

**ഉത്തരം**
പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്; | | ഈ സർക്കാർ അധികാരമേറ്റ ശേഷം രണ്ട് തവണ റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.<br>(a) 30-06-2016 ന് നിലവിലുള്ളതും 30-06-2016 മുതൽ 30-12-2016 വരെയുള്ള കാലയളവിൽ അവസാനിക്കുന്നതുമായ പട്ടികകളുടെ കാലാവധി നിബന്ധനകൾക്ക് വിധേയമായി 31-12-2016 വരെ ദീർഘിപ്പിച്ചു.<br>(b) 31-12-2016 മുതൽ 30-06-2017 വരെയുള്ള കാലയളവിൽ 3 വർഷ കാലാവധി പൂർത്തിയാകുന്നതും ഒരു തവണ പോലും കാലാവധി ദീർഘിപ്പിച്ചിട്ടില്ലാത്തതുമായ റാങ്ക് പട്ടികകളുടെ കാലാവധി നിബന്ധനകൾക്ക് വിധേയമായി 31-06-2017 വരെ ദീർഘിപ്പിച്ചു. |
| ബി) | കാലാവധി നീട്ടിയ റാങ്ക് ലിസ്റ്റുകളിൽ നിന്നും എത്ര പേർക്ക് പി.എസ്.സി. നിയമനത്തിന് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | | ടി റാങ്ക് പട്ടികകളുടെ കാലാവധിക്കുള്ളിൽ എഴുതി അറിയിക്കപ്പെട്ട ഒഴിവുകളിലെല്ലാം അതാത് പട്ടികകളിൽ നിന്നും പി.എസ്.സി നിയമനശിപാർശ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ